# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 4884** **24.07.2015- ൽ മറുപടി.**

## പുതിയ മെഡിക്കൽ കോളേജുകളുടെ സ്ഥാപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.എം.ഷാജി | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ).സംസ്ഥാനത്തെ മെഡിക്കൽ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുകയും എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ഈ മൂന്ന് കോളേജുകളിലായി 762 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കാമ്പസിലും കോന്നിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് 108 തസ്തികകൾ വീതം സൃഷ്ടിക്കുകയുണ്ടായി. ഈ കോളേജുകളിൽ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കൗൺസിൽ മാനദണ്ഡം അനുസരിച്ചുള്ള ഉപകരണങ്ങളും കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും ഓരോ വർഷവും പഠനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. |
| (ബി) ഇതിനായി എത്ര മെഡിക്കൽ കോളേജുകൾ പുതുതായി സ്ഥാപിക്കാൻ അനുമതി നൽകിയെന്നും, എത്ര സീറ്റുകളുടെ വർദ്ധനയുണ്ടാകുമെന്നും വ്യക്തമാക്കുമോ; | (ബി).പുതുതായി ആരംഭിക്കാൻ അനുമതി നൽകിയ കോളേജുകൾ<br>ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി- 100 സീറ്റ്<br>ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഇടുക്കി- 50 സീറ്റ്<br>സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജ്- 100 സീറ്റ് |

(സി) പുതുതായി അനുവദിച്ചവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി, മെഡിക്കൽ കൗൺസിൽ അംഗീകാരം നേടിയെടുക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ?

(സി) ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ